**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **30-01-2024 - ൽ മറുപടിയ്ക്ക്**

**പാലായിൽ റബർ പാർക്ക് തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ റബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് അനന്ത സാധ്യതയുള്ള സാഹചര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | നിലവിലുള്ള പദ്ധതികൾ ആയ "സംരംഭക സഹായ പദ്ധതി", "ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി", "ഒരുകുടുംബം, ഒരു സംരംഭം പദ്ധതി" എന്നീ പദ്ധതികൾ വഴി റബ്ബറധിഷ്ഠിത സംരംഭങ്ങൾക്കും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. ഇതിൽ "സംരംഭക സഹായ പദ്ധതി (ESS)"യിൽ, കുറഞ്ഞത് 25 ശതമാനം എങ്കിലും സ്വാഭാവിക റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, പൊതുവിഭാഗത്തിന് നൽകുന്ന 15 ശതമാനം സബ്സിഡിക്ക് പുറമേ 10 ശതമാനം അധിക സബ്സിഡി കൂടി നൽകി വരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**.സംരംഭകസഹായപദ്ധതി(ഇ.എസ്.എസ്)**<br><br>സംരംഭകസഹായ പദ്ധതി പ്രകാരം ഉല്പാദനമേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം, കുറഞ്ഞത് 25 ശതമാനം എങ്കിലും സ്വാഭാവിക റബ്ബർ അസംസ്കൃതവസ്തുവായി ഉപയോഗപ്പെടുത്തി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളെ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തി, പൊതുവിഭാഗത്തിന് നൽകുന്ന 15 ശതമാനം സബ്സിഡിക്ക് പുറമേ 10 ശതമാനം അധിക സബ്സിഡി കൂടി നൽകി വരുന്നു. സംരംഭകസഹായപദ്ധതി പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപയാണ്. ആനുകൂല്യം ലഭിക്കുന്നതിന് യൂണിറ്റ് ആരംഭിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർക്കാരിന്റെ പുതിയ |

| | | | |
|---|---|---|---|
| | | | വ്യവസായ നയം അനുസരിച്ച് ഹൈ വാല്യു ആഡഡ് റബ്ബർ പ്രൊഡക്ട്സ് പ്രയോറിറ്റി സെക്ടറിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അത് പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും പ്രത്യേകം ധനസഹായങ്ങൾക്കും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് അർഹതയുണ്ട്.<br><br>കേരള റബ്ബർ ലിമിറ്റഡ് വ്യവസായ സമുച്ചയത്തിൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഉൽപ്പന്നവും പ്രോസസ്സ് വൈവിധ്യവൽക്കരണവും സുഗമമാക്കുക, പുതിയതും നിലവിലുള്ളതുമായ യൂണിറ്റുകളെ ദേശീയമായും അന്തർദേശീയമായും മത്സരാധിഷ്ഠിതമാക്കാൻ സഹായിക്കുക, വിവിധ മേഖലകളിൽ റബ്ബർ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള പഠനം എന്നിവയാണ് ഇതിലൂടെ കേരള റബ്ബർ ലിമിറ്റഡ് ലക്ഷ്യമിടുന്നത്. |
| (ബി) | റബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് മികച്ച പ്രോത്സാഹനമായി റബർ പാർക്ക് സ്ഥാപിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ റബർ കർഷകർ കൂടുതലായുള്ള പാലായിൽ റബർ പാർക്ക് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് (KRL) കോട്ടയം ജില്ലയിലെ വൈക്കം വെള്ളൂർ, ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുണ്ട്. കേരള റബ്ബർ ലിമിറ്റഡ് വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണവും അടിസ്ഥാന സൗകര്യമൊരുക്കലും പുരോഗമിക്കുകയാണ്.2023 ലെ വ്യവസായ നയത്തിലും റബ്ബർ മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. പാലായിൽ റബ്ബർ പാർക്ക് തുടങ്ങുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ